**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3698** **27-06-2024 - ൽ മറുപടിയ്ക്ക്**

**അപകടത്തിൽപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അപകടങ്ങളിൽപെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഡ്രൈവർമാരുടെ അശ്രദ്ധമൂലമുണ്ടായ അപകടങ്ങൾ എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ട 8522 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 899 പേർ മരണപ്പെടുകയും ചെയ്തു. പരിക്കേറ്റവരുടെ എണ്ണം സംബന്ധിച്ച വിവരവും ഡ്രൈവർമാരുടെ അശ്രദ്ധമൂലമുണ്ടായ അപകടങ്ങളുടെ വിവരവും പ്രത്യേകമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണ്; നാളിതുവരെ എത്രപേർക്ക് ഈ ഇനത്തിൽ സഹായം നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് സഹായം നൽകാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അതാത് എം.എ.സി.റ്റി. മുഖേനയുള്ള നഷ്ടപരിഹാര കേസുകളിൽ വിധി ആകുന്ന മുറയ്ക്ക് പരിക്കേറ്റവർക്കും ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും കോടതി മുഖേന കെ.എസ്.ആർ.ടി.സി. നഷ്ടപരിഹാരം നല്കിവരുന്നു. നാഷണൽ ജില്ലാ ലോക അദാലത്ത് മുഖേന (KELSA, DLSA) സെറ്റിൽമെന്റ് നടത്തിയും നഷ്ടപരിഹാരത്തുക വിതരണം ചെയ്തുവരുന്നു.<br><br>2016 മുതൽ 2024 വരെയുള്ള കാലയളവിൽ വാഹന അപകട നഷ്ടപരിഹാര കേസുകളിൻമേൽ ആകെ 4823 കേസുകളിൻമേൽ വിവിധ എം.എ.സി.റ്റി. കോടതികളിൽ നിന്നും വിധി ഉണ്ടായിട്ടുണ്ട്. അതിൽ കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും നഷ്ടപരിഹാരം ഈടാക്കാൻ വിധിയായിട്ടുള്ള (ഇൻഷ്വറൻസ് എടുക്കാത്ത വാഹനങ്ങൾ) 1443 കേസുകളിൽ 833 കേസുകളുടെയും തുക കൊടുത്തിട്ടുണ്ട്. 610 കേസുകളിൽ 13,00,29,628/- രൂപ ഇനി വിധിത്തുക കൊടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ